(സി ആന്റ് ഡി) വിദേശ രാജ്യങ്ങളിലെ തൊഴിൽ സാദ്ധ്യതകളെകുറിച്ച് പഠിക്കുന്നതിനും തൊഴിൽ അന്വേഷകരെ ഇക്കാര്യത്തിൽ സഹായിക്കുന്നതിനും ഇ-മാപ്പിംഗ് അഥവാ എംപ്ലോയ്മെന്റ് മാപ്പിംഗ് എന്ന ഒരു പരിപാടി നോർക്കയുടെ ഫീൽഡ് ഏജൻസിയായ റൂട്ട്സ് എൻ.ആർ.കെ. ഡെവലപ്മെന്റ് ഇനീഷ്യേറ്റീവ് ആസൂത്രണം ചെയ്തു വരികയാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മുൻ ജന്മിമാർക്ക് പെൻഷൻ

1 [3171] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻ ജന്മിമാർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 50 സെന്റിൽ കൂടുതൽ സ്ഥലമുള്ളവർക്ക് മുൻ ജന്മി പെൻഷൻ നൽകേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) കൂടുതൽ ജന്മിമാർക്ക് ആനുകൂല്യം ലഭ്യമാക്കുവാൻ നിലവിൽ ഉള്ള ഉത്തരവ് പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാവുമോ;

(ഡി) മുൻ ജന്മിമാരുടെ നഷ്ടപരിഹാരത്തിന്റെ കണക്ക് തീർത്തു നൽകുവാൻ ജില്ലാതല അദാലത്തുകൾ നടത്താൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1997-ലെ കേരള ഭൂപരിഷ്ക്കരണ (അവശജന്മിമാർക്കുള്ള പെൻഷൻ) ചട്ടങ്ങൾ. ചട്ടം 4(3) പ്രകാരം 50 സെന്റിൽ കൂടുതൽ സ്ഥലമുള്ള ജന്മിമാർക്ക് പെൻഷൻ നൽകാൻ വ്യവസ്ഥയില്ല.

(സി) കൂടുതൽ മുൻ ജന്മിമാർക്ക് ആനുകൂല്യം ലഭിക്കുന്നതിലേയ്ക്ക് 17-11-2003-ലെ സർക്കാർ ഉത്തരവ് ജി. ഒ. (എം.എസ്.)363/03/ആർ.ഡി പ്രകാരം ജന്മി പെൻഷന് അപേക്ഷിക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡത്തിൽ ജന്മിമാരിൽ നിന്നും സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയുടെ പരിധി ഒരേക്കറെങ്കിലും വേണമെന്നത് 50 സെന്റായി കുറവ് ചെയ്ത് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ ആലോചനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly